
Digital Spark







The
MAGAZINE

**ഉള്ളടക്കം**

ജാതിയിലല്ല സ്നേഹം......4
നാട്ടുവാഴിയും രാമനും......5
വായനാക്കുറിപ്പ്......6
എന്റെ പ്രിയപ്പെട്ട കഥകൾ......6
കാറ്റത്തുലയുന്ന കാറ്റാടി......7
കുട്ടൻ......7
ഔചിത്യത്തോടെല്ലാം ചെയ്യാം......10
പ്രിയസഖി......11
മൗനം......12
ശ്രീ ബുദ്ധൻ......13
അതിജീവനത്തിന്റെ വേനലവധി......15
ആത്മവിശ്വാസം......16
ഈണം......17
മഴയെ സ്നേഹിച്ച കുട്ടി......18
ലാവണ്യം......19

# ആമുഖം

വിവരവിനിമയ സാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ, പ്രയോജനപ്പെടുത്തുമ്പോൾ വിദൂര അറിവുകളും ആകാശങ്ങളും നമ്മുടെ കൈപ്പിടിയിലെത്തുകയാണ്.ക്ലാസ് റൂമുകൾ സ്മാർട്ട് ക്ലാസ് റൂമുകളായി പരിണമിച്ചുകഴിഞ്ഞിരിക്കുന്നു.അതിവേഗം

മാറുന്ന സാങ്കേതികവിദ്യാലോകത്ത് കാൽതെറ്റാതെ, കരുതലോടെ മുന്നോട്ടുപോകാനുള്ള ഉജ്വല ശ്രമങ്ങളാണ് നമ്മുടെ സ്കൂളുകളിൽ ഇന്നു കാണാനാവുന്നത്.അറിവ് മറ്റൊരാളിൽനിന്ന് പകർന്നുകിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കേണ്ടതാണെന്നുള്ള തിരിച്ചറിവിന്റെ ഫലമായി രൂപം കൊണ്ട ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ.ടി കൂട്ടായ്മ ഇതിനൊരുദാഹരണമാണ്. ഇതിന്റെ പരിപ്രേക്ഷിതമാണ് ഇന്നു നിങ്ങളുടെ കൈകളിലെത്തുന്ന ഡിജിറ്റൽ മാഗസിൻ എന്ന് തീർത്തു പറയാനാവും.



# ജാതിയിലല്ല സ്നേഹം

മനുഷ്യമനസ്സിൽ നിറഞ്ഞു നിൽക്കേണ്ട
പരമപ്രധാനമാം പുണ്യമാണ് സ്നേഹം
ജാതിയില്ല മതമല്ല പ്രധാനം
മനുഷ്യമനസ്സിൽ വിളങ്ങുന്ന സ്നേഹമാണ്
ദേശഭാഷാ ഭ്രാന്തുകൾ വെടിഞ്ഞ്
സുന്ദരമാം ലോകം പണിയുവിൻ സോദരരേ

X.....X......X.

# നാട്ടുവാഴിയും രാമനും

ഒരിക്കൽ ഒരു നാട്ടുവാഴി തന്റെ ഗ്രമത്തിലൂടെ പല്ലക്കിൽ യാത്ര ചെയ്യുകയായിരുന്നു. പല്ലക്കിന്റെ ഭാരം താങ്ങാനാവാതെ പല്ലക്ക് ചുമട്ടുകാരിലൊരാൾ കുഴഞ്ഞുവീണു മരിച്ചു. മറ്റു പല്ലക്കചുമട്ടക്കാർ രാമൻ എന്ന താഴ്ന്ന ജാതിയിൽ പെട്ടയാളെ പല്ലക്കു ചുമക്കുവാൻ വിളിച്ചു. രാമൻ അവരോടൊപ്പം പല്ലക്കു ചുമക്കുവാൻ കൂടി. രാമൻ ഒഴികെ മറ്റുള്ളവർ പല്ലക്കു ചവിട്ടിമടുത്തു. അതിനാൽ പല്ലക്കു
കുലുങ്ങി. ദേഷ്യം വന്ന നാട്ടുവാഴി വിരിമാറ്റി എന്നിട്ട് പറഞ്ഞു. വിഡ്ഢികളെ എന്താണ് നിങ്ങൾ ചെയ്യുന്നത്. അപ്പോൾ രാമൻ

**ബഹുമാനത്തോടെ പറഞ്ഞു .ആരാണ് അങ്ങയുടെ കണ്ണിലെ വിഡ്ഡി. നാം എല്ലാവരും മനുഷ്യർ തന്നെയാണ്. നമ്മളിലെ ജ്ഞാനമില്ലായ്മയാണ് നമ്മളെ വേർത്തിക്കുന്നത്. ഇത് നാട്ടുവാഴിയുടെ മനസ്സിൽ സ്പർശിച്ചു.**

**പിന്നീടൊരിക്കലും നാട്ടുവാഴി ആരെയും വേർതിരിച്ചുകണ്ടില്ല.**

X....X....X.....X....X

# വായനാക്കുറിപ്പ്

## എന്റെ പ്രിയപ്പെട്ട കഥകൾ

പ്രശസ്ത കഥാകാരിശ്രീമതി.വൽസല എഴുതിയ "എന്റെ പ്രിയപ്പെട്ട കഥകൾ"എന്ന പുസ്തകമാണ് ഞാൻ വായിച്ചത്.14- കഥകളുടെ സമാഹാരമാണി പുസ്തകം.ഡി.സി.ബുക്ക്സാണ് ഈ പുസ്തകം പ്രദർശിപ്പിച്ചത്. 75 രൂപയാണ് ഈ പുസ്തകത്തിന്റെ വില. എന്റെ തയ്യൽയന്ത്രം,ദുഷന്തനും ഭീമനുമില്ലാത്ത ലോകം,ശാരദയുടെ വീട്,പൂരം,പച്ചണ്ടിപ്പരിപ്പിന്റെ സ്വാദ്,അശോകനും അയാളും,വിദ്യാധരൻ, സൂര്യനൊപ്പം

നടന്ന ഒരു പെൺകുട്ടി,മണ്ടകത്തിലെ
ദേവി,എരണ്ടകൾ,പുഴ,ചാമുണ്ടിരിക്കുഴി,ശരിരത്തിലെ
ഉമ്പുകൾ പംഗുരുപുഷ്പത്തിന്റെ തെൻ ഇവയാണ്
കഥകൾ.എനിക്ക് ഇതിൽ എറ്റവും ഇഷ്ട്ടമായത് "ശാരദയുടെ
വിട്" എന്ന കഥയാണ് ശാരദയുടെ സ്വപ്ന
ഭവനത്തെപ്പറ്റിയാണ്  ഇവിടെ പറയുന്നത്.ഇത്
വളരെ നല്ലൊരു പുസ്തകമാണ്.

## കാറ്റത്തുലയുന്ന  കാറ്റാടി

കാറ്റത്തുലയുന്ന  കാറ്റാടി  പോലെ  ഞാൻ
സ്നേഹത്തിലുലയുന്ന  കാറ്റാടി  പോലെ  ഞാൻ
ഹൃദയത്തിൽ  വിരിയുന്ന  പൂക്കളാണ്  സ്നേഹം
സ്നേഹമാണ്  മനുഷ്യാ  ജീവിതം
ജാതിമതഭേദമന്യേ  സ്നേഹിക്കുക  മർത്യാ  നീ
സ്നേഹമില്ലെങ്കിൽ  ജീവിതം  വെറും
തരിശുഭൂമിയാണെന്ന്  ഓർക്കുക  നീ
കാറ്റത്തുലയുന്ന  കാറ്റാടി  പോലെ  ഞാൻ

# കുട്ടൻ

ഒരിടത്ത് ഒരു അമ്മയും അച്ഛനും രണ്ടുമക്കളുമുണ്ടായിരുന്നു.മൂത്തമകൻ കുട്ടൻ ഇളയമകൻ മിട്ടു.എല്ലാവരും കുട്ടനെ പൊട്ടൻ എന്നാണ് വിളിക്കുന്നത്.സുഖമില്ലാത്ത അച്ഛനെ നോക്കാൻ ഉണ്ടായിരുന്നത് മാനസിക അസുഖം ബാധിച്ചിരുന്ന കുട്ടനാണ്.അവന് മാനസിക അസുഖമുണ്ടായിട്ടും അവനെ പരിചരിക്കാതെ എല്ലായിപ്പോഴും കുറ്റപ്പെടുത്തുകയാണ് അവന്റെ അമ്മ ചെയ്യ്തത്.അസുഖം ഉണ്ടായിരുന്നതിനാൽ അവന്റെ അമ്മ അവനെ ഏറെ വെറുത്തു.തന്റെ എല്ലാ സ്നേഹവും വാത്സല്യവും അവന്റെ അനുജനു നൽകി.എന്നാൽ അവന്റെ അച്ഛന് അവൻ പ്രാണനായിരുന്നു.അസുഖം ബാധിച്ച കിടക്കുന്ന അവന്റെ അച്ഛനും പഠിക്കാൻ പോകുന്ന ഇളയസഹോദരനും അമ്മയ്ക്കും തുണയായിരുന്നത് കുട്ടനാണ്.തന്റെ കുടുംബത്തെ പോറ്റിവളർത്താനായി പല കടകളിലും പാത്രങ്ങൾ കഴുകിയും മറ്റുള്ളവരുടെ ആട്ടും തുപ്പും സഹിച്ച് അവൻ കഴിഞ്ഞു.അവർക്ക് ഭക്ഷണം കൊണ്ടുചെല്ലുമ്പോഴും അത് ആർത്തിയോടെ അവർ

മേടിച്ച് കഴിക്കുകയും ചെയ്തു.കുട്ടൻ വല്ലതും കഴിച്ചോ എന്നവർ അന്വേഷിക്കാറുപോലും ഇല്ല.മാനസിക അസുഖമുള്ളതിനാൽ എല്ലാവരും അവനെ പൊട്ടൻകുട്ടൻ എന്ന് വിളിച്ചപ്പോൾ അധികം സങ്കടപെട്ടപ്പോഴും അവന്റെ ഏറ്റവും വലിയ വിഷമം അവന്റെ അമ്മയും അവനെ പൊട്ടൻ എന്നാണ് വിളിച്ചിരുന്നത്.അവനെ എപ്പോഴും കുറ്റപ്പെടുത്തുകയും വഴക്ക്പറഞ്ഞ് അവന്റെ മനസ്സ് നോവിച്ചുകൊണ്ടിരുന്നു.

ഒരിക്കൽ അവൻ ജോലി ചെയ്ത കടയിൽനിന്ന് അവനെ പറഞ്ഞുവിട്ടു.വിശന്നുവലയുന്ന തന്റെ കുടുംബത്തിന്റെ മുഖം അവന്റെ മനസ്സിൽ നിറഞ്ഞിരുന്നു.വിശന്നുവലയുന്ന അമ്മയുടെ പരാതി സഹിക്കാനാവാതെ അവൻ വീടുവിട്ട് ജോലി അന്വേഷിച്ചുപോയി.ഒരു കടയിൽച്ചെന്നപ്പോൾ അവൻ പറഞ്ഞു എനിക്ക് കുറച്ച് ഭക്ഷണം വേണം പകരം എന്തുസഹായവും ഞാൻ ചെയ്യാം എന്ന് പറഞ്ഞു.അവർ അവനെക്കൊണ്ട് കടയിലെ വെയ്സ്റ്റിയ പാത്രങ്ങൾ മുഴുവൻ കഴുകിച്ചു.എന്നിട്ട് ഭക്ഷണം കൊടുക്കാതെ അവനെ ആട്ടിപുറത്ത് വിട്ടു.വേറൊരു കടയിൽ ചെന്നപ്പോൾ അവിടുത്തെ ഉടമസ്ഥന് ദയ തോന്നി അവന് കഴിക്കാൻ ഭക്ഷണം കൊടുത്തു.വീട്ടിൽച്ചെന്ന് സങ്കടം സഹിക്കാനാവാതെ പുറത്തേക്കു പോയി.കുറേ നേരം കഴിഞ്ഞ് അവനെ

കാണാതായപ്പോൾ അച്ഛൻ പുറത്തേക്ക നോക്കി.അപ്പോൾ ഒരു ഹോട്ടൽ ഉടമ പറഞ്ഞു കുട്ടന് അപകടമുണ്ടായി.അച്ഛൻ ഞെട്ടിപ്പോയി.ഹോട്ടൽ ഉടമ അവന്റെ അമ്മയെ വഴക്കുപ്പറഞ്ഞു. ജനിച്ച് ഇത്രയുമായിട്ട് തന്റെ മകനെ മനസ്സിലാക്കാൻ ഒരു ഹോട്ടൽ ഉടമ വേണ്ടിവന്നല്ലോ എന്നോർത്ത് ആ അമ്മ കരഞ്ഞു.

## ഔചിത്യത്തോടെല്ലാം ചെയ്യാം

അത്തപ്പൂക്കളം ഇടുവാനായി
ആതിരമോളൊരു കുടയുമായി
ഇടവഴി നടവഴി പലവഴി താണ്ടി
ഈണത്തോടെ പാട്ടുകൾ പാടി
ഉല്ലാസത്താൽ പൂവെല്ലാം
ഊരിൽ മുഴവൻ തീർത്തല്ലോ
ഋഷഭം ഒന്നതു വന്നൊരു നേരം
എവിടേക്കോടണമെന്നറിയാതെ
ഏതോവഴിയേ ഓടി പിന്നെ
ഐക്കര വീട്ടിൽ ചെന്നല്ലോ
ഒരു കാര്യം നീ എപ്പോഴും

ഓർമിക്കണം ആതിരമോളേ
ഔചിത്യത്തോടെല്ലാം ചെയ്യാൻ
അംബര ദൂതൻ ചൊന്നല്ലോ

## പ്രിയസഖി

മഴയിൽ നീ അലിഞ്ഞു ചേരും
കടലിൻ മണി മുത്തായി
നിൻ അകതാരിൽ ഞാൻ
ഇന്നിതാ തേടുന്നു
നിന്നിലെ ഓരോ ജീവന്റെ തുടിപ്പും
നിന്നിലെ മൂകാനുരാഗത്തിൻ മിഴികളും
ഈ മിഴിയിൽ ഞാൻ കാണുന്നു
നിൻ സ്നേഹം.................
നിന്റെ ഈറൻ കാറ്റിനാൽ
ഞാനന്നു പോയീലേ..
നിന്റെ ഓരോ സ്പർശനത്തിലും
ഞാനലിഞ്ഞു പോയീലേ...
ഞാനിന്നിതാ നിന്റേതായിടുന്നു
മഴയിൽ നീ അലിഞ്ഞു ചേരും
കടലിൻ മണി മുത്തായി

എന്നെ ജീവിക്കാനായി പ്രേരിപ്പിച്ചതും
സ്നേഹിക്കാനായി പഠിപ്പിച്ചതും
നീ തന്നെ.....
നിൻ ഓർമകളിൽ ഞാൻ
വെന്തുരുകുന്നു.......

## മൗനം

മരിച്ച പോയെൻ അമ്മ
മറുപടിപോലും പറയാതെ
മൗനത്തിൽ ആഴ്ന്നപോയി ഞാൻ
മരണത്തിനു ശേഷം........

അമ്മയുടെ അസാനിധ്യം
എന്റെ മൗനത്തിൻ അളവുകൂട്ടി
സ്നേഹത്തിന്റെ സംസാരം
ഇപ്പോൾ മൗനമായി....

വാത്സല്യത്തിന്റെ സംസാരം
ഇപ്പോൾ മൗനമായി
അന്ധകാരത്തിൽ ആഴ്ന്ന ഞാൻ

## സ്നേഹത്തിൻ അന്ധകാരം

ആ സ്വരം ഞാൻ ഓർക്കുന്നു
വഴക്കായും സ്നേഹമായും എനിക്കു
തന്ന വാക്കുകൾ ഇനി
വെറും മൗനമായി മാത്രം.....
എനിക്കിന്ന് മിണ്ടാൻ ആരുമില്ല
എൻ അമ്മ പോലുമില്ല
മൗനത്തിൽ ഞാൻ വഴുതി വീണു
എന്നെ വലയുന്ന അമ്മതൻ മൗനം.........

## ശ്രീ ബുദ്ധൻ

ബി.സി.563-ബി.സി.483

ശാക്യവംശനേതാവും കപിലവസ്തുവിനിലെ ഭരണാഘധികാരിയുമായിരുന്ന സുധോധനന്റേയും മായാദേവിയുടേയും പുത്രനായി സർവ്വവിധ സൗഭാഗങ്ങളോടെയുമാണ് സിദ്ധാർത്ഥൻ പിറന്നത് .എന്നാൽ സിദ്ധാർത്ഥനാകട്ടെ ബാല്യം മുതലേ സുഖഭോഗങ്ങളിൽ താത്പരനായിരുന്നില്ല. സദാ ചിന്താമൂകനായിരുന്ന സിദ്ധാർത്ഥൻ വീട് ഉപേക്ഷിക്കുമെന്ന്

ഭയന്നപിതാവ് അദ്ദേഹത്തെ പതിനെട്ടാമത്തെ വയസ്സിൽ യശോദരയുമായുള്ള വിവാഹം നടത്തി . ഓരിക്കൽ വഴിയിലൂടെ നടന്നു പോകവെ കണ്ട കാഴ്ചകൾ സിദ്ധ്ർത്ഥനെ ദുഖാകുലനാക്കി . അതിനു ശേഷം മൂകനായിരുന്ന സിദ്ധാർത്ഥൻ ഒരു രാത്രിയിൽ എല്ലാ സുഖഭോഗങ്ങളും ഭാര്യയേയും മകനേയും ഉപേക്ഷിച്ചിറങ്ങി.പരമമായ സത്യം കണ്ടെത്താനായി സിദ്ധാർത്ഥൻ കഠിനമായ ധ്യാനത്തിൽ മുഴുകി.ഗയയിലെ ഒരു പൈപ്പൽ മരത്തിന്റെ ചുവട്ടിൽ ധ്യാനനിമഗ്നനായിരിക്കെ അദ്ദേഹത്തിനു ജ്ഞനോദയം ഉണ്ടായി.അങ്ങനെ സിദ്ധാർത്ഥൻ ബുദ്ധനായി മാറി.ജ്ഞനോദയത്തിനുശേഷംബുദ്ധന്റെ ആധ്യപ്രബോധനം വാരണാസിക്കടുത്ത ധാരനാഥിലായിരുന്നു. അക്കാലത്ത് നിലനിന്നിരുന്ന മതപരവും സാമൂഹികവുമായ ദുരാചാരങ്ങളേയും ഹിന്ദുസമുദായത്തിലെ ജാതിവ്യവസ്ഥയേയും അദ്ദേഹം കഠിനമായി എതിർത്തു . മനുഷ്യന്റെ സകല കഷ്ടപ്പാടുകൾക്കും കാരണം ആശയാണെന്നും ആശ ഉപേക്ഷിച്ചാൽ മാത്രമേ ജീവിതത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരമാവുകയുള്ളൂ എന്നും നിശ്വസിച്ച അദ്ദേഹം പരിഹാരമായി അഷ്ടാംഗമാർഗ്ഗങ്ങൾ നിർദ്ദേശച്ചു. അങ്ങനെ

അദ്ദേഹത്തിന്റെ ബുദ്ധമതം രാജ്യം മുഴുവൻ പ്രചരിപ്പിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു

## അതിജീവനത്തിന്റെ വേനലവധി

ഉണ്ണിക്കുട്ടൻ തന്റെ വേനൽ അവധി ചിലവഴിക്കാൻ മുബൈയിൽ നിന്നും നാട്ടിലെത്തുന്നു. വീടാകെ അതിന്റെ ആഘോഷത്തിലാണ്. പറഞ്ഞറിയിക്കാൻ പറ്റാത്തത്ര സന്തോഷമാണ് മുത്തശ്ശനും മുത്തശ്ശിക്കും ഒരേയൊരു മോൻ തങ്ങളെ കാണാൻ നാട്ടിലെത്തുന്നു. അതിലേറെ സന്തോഷത്തിലാണ് ഉണ്ണിക്കുട്ടൻ നഗരത്തിലെ മലിനീകരണത്തിൽ നിന്നും തിരക്കുകളിൽ നിന്നും മാറി ഗ്രാമിണ സൗന്ദര്യത്തിന്റെ ഭംഗി ആസ്വദിക്കാനായി താൻ മുത്തശ്ശന്റെ അടുത്തേക്കു പോകുന്നു. പക്ഷേ ഉണ്ണിക്കുട്ടൻ അറിയുന്നില്ലല്ലോ ഇപ്പോൾ നാടാകെ പ്രളയക്കെടുതിയിലാണെന്ന്. ഇതറിയുന്ന ഉണ്ണിയുടെ അച്ഛൻ ഉണ്ണിയെ വിടാതിരിക്കാൻ ശ്രമിചെങ്കിലും ഉണ്ണി സമ്മതിച്ചില്ല. ഒരു വിധത്തിൽ അവൻ മുത്തശ്ശന്റെ

**അടുത്തെത്തി.പക്ഷേ പ്രളയം നാടിനെ കാർന്നു തിന്നുകൊണ്ടിരിക്കുന്നു. കലിതുള്ളി പെയ്യുന്ന കാലവർഷത്തിൽ നിന്ന് രക്ഷ തേടാനായി അവർക്ക് ദുരിദശ്വാസ ക്വാമ്പിലേക്ക്മാറേണ്ടി വന്നു.**

## ആത്മവിശ്വാസം

അബ്രാഹം ലിങ്കന്റെ ചെറുപ്പകാലം വളരെ ദാരിദ്ര്യം നിറഞ്ഞതായിരുന്നു. ലിങ്കന്റെ അച്ഛൻ ഒരു മരപ്പണിക്കാരനായിരുന്നു.വീട്ടിൽ അറുപട്ടിണി.അമ്മ ഒരു തയ്യൽക്കാരിയായിരുന്നു.അതിൽനിന്നു കിട്ടുന്ന വരുമാനം കൊണ്ടാണ് അമ്മ മകനെ പഠിപ്പിച്ചത്. കീറിയ ഉടുപ്പും ധരിച്ച് സ്കൂളിൽ എത്തുന്ന ലിങ്കനെ സഹപാഠികൾ
കളിയാക്കിയിരുന്നു.കൂട്ടുകാരുടെ ആക്ഷേപം കേട്ട് ആ മനസ്സ് വല്ലാതെ വേദനിച്ചു.ഒരുനാൾ ലിങ്കൻ അമ്മയോട് പറഞ്ഞു. “അമ്മേ എനിക്ക് നല്ലൊരു

ഉടുപ്പ് വാങ്ങിത്തരുമോ?"

ആവശ്യം കേട്ടപ്പോൾ അമ്മയ്ക്ക് സങ്കടം തോന്നി.അവർ അത് പുറമേ കാണിച്ചില്ല.മകനെ മാറോട് ചേർത്തു പിടിച്ചുകൊണ്ട് അവർ പറഞ്ഞു:

"മോനെ,അച്ഛനും അമ്മയ്ക്കും അതിനുള്ള കഴിവില്ലെന്ന് നിനക്കറിയാമല്ലോ.അവനവന്റെ പരിസ്ഥിതികൾക്ക് അനുസരിച്ച് ജീവിക്കാൻ പഠിക്കണം.അതിന് ആത്മവിശ്വാസമാണ് വേണ്ടത്.നീ അതു ധരിക്കുക ഭാവിയിൽ നിനക്ക് എത്രയും വലിയവനാകുവാൻ കഴിയും."

ആ വാക്കുകൾ ലിങ്കന്റെ കൊച്ചുമനസ്സിൽ ആത്മവിശ്വസത്തിന്റെ വിത്തുകൾ പാകി.

## ഈണം

രാവിലായ് പെയ്തണഞ്ഞു
രാത്രിമഴ പൂത്തണഞ്ഞു
ആരോ അരികിലായ് ആദ്യരാഗം
അങ്കണത്തിൻ ചുവട്ടിൽ

നീർമാതളം പൂവിട്ടുമ്പോൾ
നീരൊഴുക്കും പാതിയായ്
ആദിയായി രാഗമായി
നീരണിഞ്ഞീറനായി

നിദ്രയിങ്കൽ നാരകത്തിൻ
പൂക്കളായീ ഈണം
ഈറനായി താളമായി
സിരകളിൽ കാലം ഈണമായി..........

xx ...........x

## മഴയെ സ്നേഹിച്ച കുട്ടി

സ്കൂൾ തുറന്നു.സ്കൂളിൽ പോകാൻ കൊതിച്ച് അപ്പു നിൽക്കുകയാണ്.ആദ്യമായിട്ടാണ് അവൻ സ്കൂളിൽ പോകുന്നത്. അമ്മയുമൊത്ത് ആദ്യദിവസം സ്കൂളിൽ പോയപ്പോൾ ദു:ഖമാണുണ്ടായത്.പിന്നീടവൻ അതുമായി പൊരുത്തപ്പെട്ടു. പിന്നീട് ഒരു ദിവസം സ്കൂളിൽ പോകുന്ന വഴിക്കവൻ ആ പുതിയ പ്രതിഭാസത്തെ പരിചയപ്പെട്ടു “

മഴ " അവൻ മഴയെ അടുത്ത് അറിഞ്ഞിട്ടില്ല . ആ ദിവസം അവൻ ആഹ്ലാദത്താൽ നിറഞ്ഞിരുന്നു. പിറ്റേ ദിവസം രാവിലെ അവൻ മഴയെ കണ്ടില്ല . പക്ഷെ ഉച്ചയ്ക്ക് കണ്ട ഇടി അവന് ഭയാനകമായ ഒന്നാണ്. മഴയെ ഇഷ്ടപ്പെടാൻ തുടങ്ങി നമ്മുടെ അപ്പു. മാസങ്ങൾ കടന്നുപോയി.മഴ മാഞ്ഞു. പക്ഷെ അപ്പുവിന്റെ മഴയുമായുള്ള സൗഹൃദം മാഞ്ഞില്ല .അപ്പു അറിഞ്ഞില്ല മഴമാഞ്ഞതിനുള്ള കാരണം അപ്പു അമ്മയോട് മഴമാഞ്ഞതിനുള്ള കാരണം തിരക്കി ."മഴ കുറച്ചു നാൾ മാത്രമേ ഉണ്ടാകൂ" എന്നായിരുന്നു മറുപടി ഇത്രയും നാൾ താൻ കണ്ട നിശ്ചിതകാലത്തേക്ക് മാത്രമുള്ളതാണോ? ഇനി എപ്പോൾ കാണാം മഴയെ?എന്ന ചോദ്യങ്ങൾ നെഞ്ചിലേറ്റി നിശ്ചലായി അപ്പു നിന്നു

## ലാവണ്യം

അവളെൻ വാടിയിൽ പാടുമാ
നേരത്ത് ഓർത്തു മധുരമായി
പാടും കുയിലിനെ
സ്നേഹത്തിൽ മീട്ടുമാ തന്ത്രിയിൽ

മാറിയെൻ കണ്ണിലെ കണ്ണുനീർ തുള്ളികൾ
വിരഹമാം മാരിയിൽ ബാക്കിയായി വേദന
ഉൾപൂവിലോ.. ഓർമയാം നൊമ്പരം
ഓരോ നിമിഷവും മായുന്നു എന്നിലെ
ആഗ്രഹ്ങ്ങളും ആയുസ്സും ദൂരെയായി
അവൾ പോയൊരാ പാതയിൽ വീണൊരാ പൂവുകൾ
അസ്തമയ സൂര്യൻ പോൽ മ്ങ്ങിക്കുറയവെ
ഏറുന്ന വിസ്മയം ഈ ലോകഗോളത്തിൽ
ദൈർഘ്യമേറിയതോ ഹ്രസ്വമോ ലാവണ്യം.


orkugifs.com
Thanks!